## പത്രക്കുറിപ്പ്

# പുതിയ കണ്ടയിൻമെന്റ് സോണുകളായ വാഴോട്ടുകോണം, വെങ്ങാനൂർ വാർഡുകൾ അടച്ചു.

# ഓണ വിൽപ്പനക്കായി നഗരത്തിലെത്തിച്ച എട്ട് കിലോ കഞ്ചാവുമായി ഒരാൾ പിടിയിൽ

# കുട്ടികളും വയോജനങ്ങളും മാർക്കറ്റുകളിൽ പോകരുത്

## വിലക്ക് ലംഘനം: 22 പേർക്കെതിരെ കേസ്.

## മാസ്ക് ധരിക്കാത്ത 154 പേർക്കെതിരെ നടപടി.

## 30,800/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- തലസ്ഥാനത്ത് പുതുതായി കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച വാഴോട്ടുകോണം, വെങ്ങാനൂർ വാർഡുകളിലേക്ക് കടന്നുവരുന്ന റോഡുകൾ പോലീസ് ബാരിക്കേഡ് വച്ച് അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം ഓണ വിൽപ്പനക്കായി നഗരത്തിലെത്തിച്ച എട്ട് കിലോ കഞ്ചാവുമായി കായംകുളം സ്വദേശിയെ സിറ്റി പോലീസ് പിടികൂടി. രോഗവ്യാപന സാധ്യത കൂടുതലായതിനാൽ കുട്ടികളും വയോജനങ്ങളും ഗർഭിണികളും മാർക്കറ്റുകളിൽ പോകരുതെന്ന് കമ്മീഷണർ അറിയിച്ചു. കൂടാതെ സിറ്റി പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ്-19 സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കാതെ വിലക്ക് ലംഘനം നടത്തിയ 22 പേർക്കെതിരെ ഇന്നലെ (22.08.2020) എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 154 പേരെ പിടി കൂടി